മത്സ്യ സമ്പത്ത് കുറഞ്ഞുവരുന്നതിന് പരിഹാരം കാണാൻ നടപടി

196 (4820) ശ്രീ. പി. കെ. അബ്ദുറബ് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ കടൽ മേഖലയിൽ മത്സ്യസമ്പത്ത് കുറഞ്ഞുവരുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) കേരള തീരത്ത് വർഷകാലത്ത് ധാരാളമായി പ്രത്യക്ഷപ്പെട്ടിരുന്ന 'ചാകര' അപൂർവ്വമായി മാറാനുള്ള കാരണങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പഠനഫലമെന്താണെന്ന് വെളിപ്പെടുത്തുമോ ; പഠനത്തിലെ പ്രധാന നിഗമനങ്ങളെന്തെല്ലാം ;

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ, പാരമ്പര്യമായ അറിവുകൾ ഇക്കാര്യങ്ങളിൽ ഉപയോഗപ്പെടുത്താനും, അവരെ ഈ പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2008-ലെ മത്സ്യ ഉല്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ 2009-ൽ ആകെ ഉല്പാദനത്തിൽ 1.52 ലക്ഷം ടൺ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. കടൽ മത്സ്യ സമ്പത്തിൽ വന്ന കുറവു പരിഹരിക്കുന്നതിനായി അഴിമുഖങ്ങളിലും കായലുകളിലും മത്സ്യ/ചെമ്മീൻ വിത്തുകൾ നിക്ഷേപിക്കുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഉൾനാടൻ മത്സ്യ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് 'മത്സ്യകേരളം പദ്ധതി' ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. പൊതുജലാശയങ്ങളിൽ ഒരു കോടി മത്സ്യ/കൊഞ്ച് വിത്ത് നിക്ഷേപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചാകര രൂപപ്പെടുന്നതിനെപ്പറ്റി സെൻട്രൽ മറൈൻ ഫിഷറീസ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI) പഠനം നടത്തിയിട്ടുണ്ട്. എന്നാൽ ചാകര രൂപപ്പെടുന്നതിൽ/കുറവു സംഭവിക്കുന്നതിൽ ഭൗതീക/രാസമാറ്റങ്ങൾ എങ്ങനെ സ്വാധീനിക്കുന്നുവെന്നതിനെപ്പറ്റി പഠനങ്ങൾ നടത്തിയിട്ടില്ല.

(സി) കടൽപ്പാരുകളുടെ നിർമ്മാണം, നിക്ഷേപം എന്നിവ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ പാരമ്പര്യമായ അറിവിനെ ഉപയോഗപ്പെടുത്തിയും അവരുടെ സഹകരണത്തോടെയും ഫിഷറീസ് വകുപ്പ് അഡാക്ക് മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly